# സെന്റ് ജോർജ്ജ് എൽ.പി. സ്കൂൾ

## സൗത്ത് ചെല്ലാനം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 2026

Email id :- stgeorgelpschellanam@gmail.com

Scanned with OKEN Scanner

വിദ്യാലയത്തിന്റെ പേര് :- സെന്റ് ജോർജ്ജ് എൽ.പി
സ്കൂൾ ചെല്ലാനം

വിദ്യാഭ്യാസജില്ല :- എറണാകുളം

വിദ്യാഭ്യാസ ഉപജില്ല :- മട്ടാഞ്ചേരി

റവന്യൂ ജില്ല :- എറണാകുളം

വർഷം :- 2025- 2026

സ്ഥാപിതം :- 1916- 1917

വിദ്യാലയത്തിന്റെ വിഭാഗം :- എയ്ഡഡ് പൊതു വിദ്യാലയം

ലൊക്കേഷൻ :- സൗത്ത് ചെല്ലാനം.

Scanned with OKEN Scanner

# ഉള്ളടക്കം

- വിദ്യാലയത്തിന്റെ നാൾവഴികൾ
- അടിസ്ഥാന വിവരങ്ങൾ
- വെല്ലുവിളികളും കാഴ്ച്ചപ്പാടും
- പൊതു ലക്ഷ്യങ്ങൾ
- അക്കാദമിക പ്രവർത്തനങ്ങൾ
    - മാതൃഭാഷാപഠനം
    - ഗണിത പഠനം
    - പരിസര പഠനം
    - ഇംഗ്ലീഷ് ഭാഷാപഠനം
    - രാഷ്ട്രഭാഷാ പഠനം
    - കായിക പഠനം
    - വിവര സാങ്കേതിക വിദ്യാപഠനം
    - കലാ പഠനം
- ഉപസംഹാരം

Scanned with OKEN Scanner

## ആമുഖം

### വിദ്യാലയ ചരിത്രം

### അടയാളപ്പെടുത്തുമ്പോൾ

1916 - 1917-ൽ മഹാനായ കൊച്ചിരാജാവിന്റെ സാന്നിദ്ധ്യത്തിലാണ് വിദ്യയുടെ പൊൻവെളിച്ചം തൂകികൊണ്ട് സെന്റ് ജോർജ്ജ് എൽ.പി സ്കൂൾ പ്രവർത്തനമാരംഭിച്ചത്. 108 വർഷം പിന്നിട്ട ഈ വിദ്യാലയം ചെല്ലാനം ഗ്രാമത്തിന്റെ പൈതൃക സ്ഥാപനമായി നമുക്ക് കാണാൻ കഴിയും. ഈ വിദ്യാലയം എറണാകുളം ജില്ലയിൽ മട്ടാഞ്ചേരി വിദ്യാഭ്യാസ ജില്ലയിലാണ് നില കൊള്ളുന്നത്. പ്രൈമറി വിഭാഗത്തിൽ 4 അധ്യാപകരുണ്ട്. പൊതുവിദ്യാഭ്യാസ കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന വിവിധ വിഷയങ്ങൾ ഈ വിദ്യാലയത്തിൽ പഠിപ്പിച്ചു പോരുന്നു. മാതൃഭാഷ, ഇംഗ്ലീഷ്, ഗണിതം, പരിസരപഠനം, കലാകായിക വിഷയങ്ങൾ എന്നിവയാണ് കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഒരു ദിവസം 40 മിനിട്ടു വീതമുള്ള പിരിയഡുകളാണ് ഇവിടെയുള്ളത്. 9.45 മുതൽ 4 വരെയാണ് ക്ലാസ് സമയം. എങ്കിലും തുടർന്ന് മൊബൈൽ മുഖേന പ്രത്യേക ക്ലാസുകൾ എടുക്കാറുണ്ട്

Scanned with OKEN Scanner

## സ്കൂളിന്റെ ആരംഭം

എഴുത്തോലയിൽ നാരായം കൊണ്ടെഴുതി തുമ്പനീര് പുരട്ടുമ്പോൾ അക്ഷരങ്ങൾ കറുത്തു തെളിഞ്ഞുകിട്ടും. നിലത്തിരുന്ന് അവ നോക്കി മണ്ണിൽ വിരലുകൊണ്ടെഴുതുമ്പോൾ അവ മനസ്സിലും തെളിയും. അതായിരുന്നു അന്നത്തെ അധ്യായനരീതി. അതിനു ശേഷമായിരുന്നു സ്കൂൾ വിദ്യാഭ്യാസം.

പരേതനായ പെള്ളയിൽ കൈപ്പാരി അവർകളുടെ വീടിന്റെ തെക്കിനിയിലായിരുന്നു. സ്കൂളിന്റെ ആരംഭം. അദ്ദേഹത്തിന്റെ മൂത്തമകൻ പരേതനായ പി.കെ അരുള്ളപ്പനാണ് സ്കൂളിന്റെ ശില്പി. സ്കൂൾ പിന്നീട് ഒരു ഓല ഷെഡ്ഡിലേക്ക് മാറ്റി. അതിനുശേഷം പണിത മനോഹരമായ സ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്തത് കൊച്ചി രാജകുടുംബത്തിലെ 21-ാം കൂർ തമ്പുരാനായിരുന്നു കാലം 1921 ഫെബ്രുവരി. ചെല്ലാനത്തേക്ക് കരമാർഗ്ഗം വാഹന സൗകര്യമില്ലായിരുന്നു അന്ന് ഓടിവള്ളങ്ങളുടെ അകമ്പടിയോടെ തമ്പുരാനെ സ്വീകരിച്ചു കൊണ്ടുവന്നു. ഓടിവള്ളങ്ങൾ വന്നടുത്ത കടവ് കമനീയമായി അലങ്കരിച്ചിരുന്നു

# നേട്ടങ്ങൾ

108 വർഷം പിന്നിട്ട ഈ വിദ്യാലയം ചെല്ലാനം ഗ്രാമത്തിന്റെ ചൈതൃക സ്ഥാപനമായി നമുക്ക് കാണാൻ കഴിയും ഇവിടെ നിന്നും വിദ്യനേടിയ ധാരാളം വിദ്യാർത്ഥികൾ ഇന്ന് ആരോഗ്യം, വിദ്യാഭ്യാസം, നിയമം, സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ പ്രഗത്ഭരാണ്. എറണാകുളം ജില്ലയുടെ തെക്കുപടിഞ്ഞാറ് അരികിലായി സ്ഥിതി ചെയ്യുന്ന ചെല്ലാനം സെന്റ്. ജോർജ്ജ് എൽ.പി സ്കൂളിൽ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി, കർഷകത്തൊഴിലാളി എന്നിവരുടെ മക്കളാണ് അധികമായും വിദ്യ നേടാനെത്തുന്നത്

നിലവാരമില്ലാത്ത മൂല്യബോധം വ്യക്തിക്കോ സമൂഹത്തിനോ പ്രയോജനം നല്കുന്നില്ല. എന്ന തിരിച്ചറിവിൽ IT അധിഷ്ഠിതവും ശിശുസൗഹാർദപരവും അധ്യാപക-രക്ഷാകർത്തൃ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതുമായ പ്ര പ്രവർത്തനങ്ങളിലേക്ക് ഈ വിദ്യാലയം എത്തികഴിഞ്ഞിരിക്കുന്നു.

കലാ കായിക പ്രവർത്തനങ്ങളിൽ മികവു തെളിയിച്ച് ഒരുപാട് അവാർഡുകൾ ഈ സ്കൂളിന്റെ പേരിൽ നേടാനായതും സമൂഹത്തിൽ ഈ വിദ്യാലയത്തിന്റെ യശസ്സ് ഉയർത്തികാട്ടുന്നു.

## ഈ വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ വായിച്ചറിയുക.

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | സെന്റ് ജോർജ്ജ് എൽ. പി. എസ് |
| 2 | വിലാസം | സൗത്ത് ചെല്ലാനം കൊച്ചി-8 |
| 3 | സ്റ്റാറ്റസ് | എയ്ഡഡ് |

## സ്റ്റാഫ് പാറ്റേൺ

| | | |
|---|---|---|
| 4 | ജീവനക്കാരുടെ എണ്ണം | 4 |
| 5 | പ്രധാന അധ്യാപകൻ | മൈക്കിൾ എം. എം |
| 6 | ലോവർ പ്രൈമറി അധ്യാപകർ | 4 |

## മറ്റ് അടിസ്ഥാന വിവരങ്ങൾ

| | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 3 | 3 | 4 | 13 | 5 | 9 | 8 | 2 |

## കാഴ്ച്ചപ്പാട്

ചെല്ലാനം തീരദേശ നിവാസികളുടെ പ്രതീക്ഷയും അഭിമാനവുമാണ് സെന്റ്. ജോർജ്ജ് എൽ.പി.എസ് എന്ന ഈ ഗ്രാമ വിദ്യാലയം. അതുകൊണ്ട് തന്നെ ഞങ്ങളിൽ ഭാരമേൽപ്പിച്ചിരിക്കുന്ന കർത്തവ്യങ്ങൾ വളരെ വലുതാണ്. കാഴ്ച്ചപ്പാടുകൾ ഗുണകരവുമാണ്.

- കുട്ടികളിൽ സ്വയം രൂപപ്പെടുന്ന അച്ചടക്കം അത് ബൗദ്ധിക തലത്തിലും പ്രായോഗിക തലത്തിലും ഞങ്ങൾ നേടിയെടുത്തുവാൻ ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ട്. അത് മേന്മയുള്ള പഠന-പഠനേതര പ്രവർത്തനങ്ങളിലൂടെ നേടിയെടുക്കാവുന്നതാണ്. എന്ന് ഞങ്ങൾക്കറിയാം അതിനുള്ള രസകരമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- പ്രൈമറി ക്ലാസുകളിൽ വച്ചുതന്നെ ഭാഷ കൈകാര്യം ചെയ്യുവാനുള്ള പ്രാവിണ്യം നേടിയെടുക്കുക. എന്നത് ഞങ്ങളുടെ വ്യക്തമായ കാഴ്ച്ചപ്പാടാണ്

- ശാസ്ത്ര വിഷയങ്ങൾ അഭ്യസിപ്പിക്കുന്നതിലൂടെ കഴിവുനേടേടത് ശാസ്ത്രീയ മനോവൃത്തിയാണെന്ന്. ഞങ്ങൾ കരുതുന്നു. അല്ലാതെ ശാസ്ത്രീയ വിഷയങ്ങളിലുള്ള അറിവ് മാത്രമല്ല.

Scanned with OKEN Scanner

നേടേണ്ടതാണെന്ന് ഞങ്ങൾ കരുതുന്നു.

- രാജ്യത്തിന്റെ വൈചിത്ര്യം, ചരിത്ര പാരമ്പര്യം എന്നിവ കുട്ടികൾക്ക് പകർന്നു നൽകാൻ പര്യാപ്തമായ പഠനപ്രവർത്തനങ്ങൾ ഞങ്ങൾ വിഭാവനം ചെയ്യുന്നു.

- ആധുനിക ലോകം വിവരശേഖരണത്തിന്റെയും വിനിമയത്തിന്റെയും പാതയിലാണ് എന്ന് തിരിച്ചറിയുകയും ചെയ്യുന്നു.

- ആരോഗ്യപരിരക്ഷ കായിക-ക്ഷമത നേടിയെടുക്കൽ എന്നിവ സമഗ്ര വിദ്യാഭ്യാസത്തിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നു.

പൊതുലക്ഷ്യങ്ങൾ

- സ്കൂൾ സാമൂഹ്യവൽക്കരണത്തിനുള്ള ഏറ്റവും അനുയോജ്യമായ ഏജൻസിയാക്കി മാറ്റുക.

- സന്മാർഗികബോധം രൂപപ്പെടുത്തുന്ന ഏജൻസിയായി വിദ്യാലയത്തെ മാറ്റുക.

- വിദ്യാലയം പൊതുസ്വത്താണെന്നും അത് സമൂഹത്തിന്റെ ഏത് തരം ആവശ്യങ്ങളും. നിറവേറ്റാനുള്ള അടിസ്ഥാന ചിന്തകൾ വളർത്താനുള്ള ഇടമാണെന്നും സമൂഹത്തെ ബോധ്യപ്പെടുത്തുക.

• സമൂഹത്തെ അധ:പതിപ്പിക്കുന്ന വിഭാഗീയ ചിന്തകളിൽ നിന്നും തലമുറകളെ രക്ഷപ്പെടുത്തുന്നതിനുള്ള ചുവടുവയ്പ്പുകൾ ആരംഭിക്കുക.

• രാജ്യ സ്നേഹം പൗരന്റെ അടിസ്ഥാനധർമ്മമാണെന്നും അതിനായി സ്വയം സമർപ്പിക്കേണ്ടത് ആവശ്യമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നതിന്

• ശാസ്ത്രീയ മനോവൃത്തി സാമൂഹ്യ ജീവിതത്തിന് കരുത്തു നൽകുന്നു. എന്ന സന്ദേശം പകർന്നു നൽകുന്നതിന്

• ഗണിതഭാഷ, യുക്തിചിന്ത, വിശകലന പാടവം എന്നിവ കുട്ടികളിൽ വളർത്തുന്നതിന് പ്രേരക ശക്തിയാകും.

• ഭരണഘടനയോടും ജനാധിപത്യത്തോടും കൂറും ഉണർവുമുള്ള തലമുറയെ വാർത്തെടുക്കുന്നതിന്

# അക്കാദമിക പ്രവർത്തനങ്ങൾ

## മലയാളം

മാതൃഭാഷ എഴുതുവാനും വായിക്കുവാനും അക്ഷരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുവാനും സാധിക്കുന്നു. എന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യമായി കരുതുന്നത്. പിന്നോക്കം വരുന്ന കുട്ടികളെ വ്യക്തിഗത പരിശീലനം നൽകുവാനും മികവിലേക്ക് ഉയർത്തുവാനും പരിശ്രമിക്കുക. പത്രവായന, ബാലമാസികകൾ, ചെറുലേഖനങ്ങൾ എന്നിവ വായനകളെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് എന്നതാണ് മലയാള ഭാഷാപഠനത്തിനായി ചെയ്യുന്നത്.

## ഇംഗ്ലീഷ്

ആധുനിക വർത്തമാനകാല ജീവിതത്തിൽ ഇംഗ്ലീഷിന്റെ പ്രാധാന്യം മനസ്സിലാക്കി കുട്ടികളെ 1 മുതൽ 4 വരെ കാലയളവിനുള്ളിൽ തന്നെ Reading, writing, speaking തുടങ്ങിയവ മികവാർന്ന രീതിയിൽ അവതരിപ്പിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക. Try to develop the Communicative English Skills of pupils. Especially reading, writing, Speaking, Introducing myself, Rhymes, action songs

# അക്കാദമിക പ്രവർത്തനങ്ങൾ

## മലയാളം

മാതൃഭാഷ എഴുതുവാനും വായിക്കുവാനും അക്ഷരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുവാനും സാധിക്കുന്നു. എന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യമായി കരുതുന്നത്. പിന്നോക്കം വരുന്ന കുട്ടികളെ വ്യക്തിഗത പരിശീലനം നൽകുവാനും മികവിലേക്കുയർത്തുവാനും പരിശ്രമിക്കുക. പത്രവായന, ബാലമാസികകൾ, ചെറുലേഖനങ്ങൾ എന്നിവയനകളെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു എന്നതാണ് മലയാള ഭാഷാപഠനത്തിനായി ചെയ്യുന്നത്.

## ഇംഗ്ലീഷ്

ആധുനിക വർത്തമാനകാല ജീവിതത്തിൽ ഇംഗ്ലീഷിന്റെ പ്രാധാന്യം മനസ്സിലാക്കി കുട്ടികളെ 1 മുതൽ 4 വരെ കാലയളവിനുള്ളിൽ തന്നെ Reading, writing, speaking തുടങ്ങിയവ മികവാർന്ന രീതിയിൽ അവതരിപ്പിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക. Try to develop the Communicative English Skills of pupils. Especially reading, writing, Speaking, Introducing myself, Rhymes, action songs

Scanned with OKEN Scanner

Story telling തുടങ്ങിയവയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുവാനും ഉല്ലാസവും നടത്തപ്പെടുന്ന ക്ലാസ്തല P.T.A യിൽ കുട്ടികളുടെ English മികവുകൾ അവതരിപ്പിക്കുവാനും തീരുമാനിച്ചു. കൂടാതെ ഓരോദിവസവും Dictation, unit test, Worksheet, project, Assignment എന്നിവ നൽകുവാനും തീരുമാനിച്ചു.

## ഗണിതം

ഗണിതം എളുപ്പമാക്കുന്നതിനായി ക്ലാസ്മുറികളിൽ സംഖ്യാബോധം, സ്ഥാനവിലകൾ, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ. വിവിധ രൂപങ്ങളുടെ പഠനത്തിനായി Geometric shapes - It ഉപയോഗപ്പെടുത്തൽ. ഗണിതശാസ്ത്ര ലാബ്, ഗണിത ശാസ്ത്ര ഉപകരണങ്ങൾ പരിചയപ്പെടുത്തൽ എന്നിവ സംഘടിപ്പിക്കൽ. അബാക്കസ് ക്ലാസുകൾ സംഘടിപ്പിക്കൽ. ഗണിതശാസ്ത്രജ്ഞരുമായി ബന്ധപ്പെട്ട് ദിനാചരണങ്ങൾ നടത്തൽ, വർക്ക് ഷീറ്റ് നൽകൽ, ഗണിതക്ലബ്ബ് രൂപീകരിക്കൽ, ഗണിത മാസിക തയ്യാറാക്കൽ, പ്രശ്നാപഗ്രഥനത്തിന് ഉതകുന്ന രീതിയിലുള്ള ലളിതമായ പ്രവർത്തനങ്ങൾ നൽകൽ യുക്തി ചിന്തയെ വളർത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങളിൽ കുട്ടികളെ പ്രാപ്തരാക്കുന്നു.

Scanned with OKEN Scanner

## ശ്രദ്ധ

പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പഠനം എളുപ്പമാകാൻ ഉതകുന്ന രീതിയിലൂടെ പ്രവർത്തനങ്ങൾ നൽകുന്നു കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് അവരുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നു. സ്കൂൾ തല പ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നു.

## നൈപുണ്യ പരിശോധന (Talent test)

കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉച്ചയ്ക്കുള്ള ഇടവേളകളിൽ എല്ലാദിവസവും നൈപുണ്യ പരിശോധനാ പരിശീലനം നൽകുന്നു. School level. higher level. പരീക്ഷകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. കുട്ടികളിലെ മൂല്യബോധം വർദ്ധിപ്പിക്കാൻ ഉതകുന്നതരത്തിലൂടെ പ്രവർത്തനങ്ങൾ ആഴ്ച്ചയിൽ ഒരു ദിവസം നൽകുന്നു.

Scanned with OKEN Scanner

**S.R.G**

ആഴ്ചയിൽ ഒരുതവണ ഉച്ചയ്ക്കത്തെ ഇടവേളയിൽ യോഗം കൂടി കഴിഞ്ഞ ആഴ്ചയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും അടുത്ത ആഴ്ചയിലെ പ്രവർത്തനങ്ങൾ കണ്ടെത്തുവാനും കഴിയുന്നു. സ്കൂളുമായി ബന്ധപ്പെട്ട എല്ലാപ്രവർത്തനങ്ങളുടെയും വിലയിരുത്തലുകൾ നടത്തുകയും പോരായ്മകൾ പരിഹരിക്കുവാൻ കഴിയുന്നു.

**പി.ടി.എ.**

മാസത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും പി.ടി.എ കൂടുന്നു. കൂടാതെ ആഘോഷങ്ങൾക്കും, ദിനാചരണങ്ങൾക്കും കുട്ടികളുടെ എല്ലാത്തരം പ്രവർത്തനങ്ങൾക്കും അധ്യാപകർക്കൊപ്പം നിന്ന് സഹായം നൽകുന്നു.

**എം. പി. ടി. എ.**

മാസത്തിൽ 1 തവണ എം. പി. ടി. എ കൂടുന്നു. ഉച്ചഭക്ഷണം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. എം. പി. ടി. എയിലെ അംഗങ്ങൾ ആഴ്ചയിൽ ഒരുദിവസം എത്തി ആഹാരത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നു.

## ക്ലാസ് പി.ടി.എ

മാസത്തിൽ ആദ്യ ആഴ്ചകളിൽ ഓരോ ദിവസം വീതം ഓരോ ക്ലാസിന്റെയും ക്ലാസ് പി.ടി.എ നടത്തുന്നു. ക്ലാസ് പി.ടി.എ കളിൽ പഠനനിലവാരം വിലയിരുത്തുന്നു. എല്ലാ വിഷയത്തിന്റെ യൂണിറ്റ് ടെസ്റ്റിന്റെ പേപ്പറുകൾ ക്ലാസ് പി.ടി.എയിൽ ചർച്ച ചെയ്യുകയും കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് അധ്യാപികയോടൊപ്പം രക്ഷിതാക്കളും പങ്കാളികളാകുകയും ചെയ്യുന്നു.

## ലൈബ്രറി.

കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് വേണ്ടി ആഴ്ചയിൽ ഒരു പുസ്തകം വീതം സ്കൂളിലെ എല്ലാ കുട്ടികൾക്കും നൽകി വരുന്നു. കുട്ടികൾ വായിച്ചു എന്ന് ഉറപ്പുവരുത്തുവാനും വായിച്ച പുസ്തകത്തെ കുറിച്ച് കുറിപ്പ് എഴുതുവാനും 1, 2, 3, 4 ക്ലാസിലെ കുട്ടികളെ പ്രാപ്തരാക്കുന്നു. കൂടാതെ ഡയറി എഴുതുവാനും അതു ക്ലാസിലെ കുട്ടികളുമായി പങ്കുവയ്ക്കുവാനും അവസരം നൽകുന്നു.

## കമ്പ്യൂട്ടർ ലാബ്

ആഴ്ച്ചയിൽ 40 മിനിട്ട് എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിശീലനം നൽകുന്നു. ഓരോ ക്ലാസിലും തന്നിരിക്കുന്ന കുട്ടിപെട്ടി എന്നെ ചുന്നകം ഇതിനായി ഉപയോഗിക്കുകയും സ്വന്തമായി കമ്പ്യൂട്ടർ ഉപയോഗിക്കുവാനും കുട്ടിക്ക് അവസരം നൽകുന്നു.

## സാമൂഹിക പങ്കാളിത്തം

പ്രവേശനോത്സവം, പരിസ്ഥിതി ദിനം, ശിശുദിനം, സ്വാതന്ത്ര്യദിനം, തുടങ്ങിയ എല്ലാ ദിനാചരണങ്ങളും. ഓണം ക്രിസ്തുമസ്, സ്കൂൾ വാർഷികാഘോഷം തുടങ്ങിയ ആഘോഷങ്ങളും സാമൂഹിക പങ്കാളിത്തത്തോടെ തുടർന്നു കൊണ്ടു പോകുന്നു. മദ്യം, മയക്കുമരുന്ന്, ആരോഗ്യ സംരക്ഷണം, ലൈംഗികാതിക്രമങ്ങൾക്കെതിരെയുള്ള ബോധവത്കരണക്ലാസ് എന്നിവയെ കുറിച്ചും കുട്ടികൾക്കും മാതാപിതാക്കൾക്കും ക്ലാസുകൾ നൽകുന്നു.

കുട്ടികളുടെ പഠനനിലവാരത്തിൽ അധ്യാപകരെപോലെ തന്നെ മാതാപിതാക്കളും തൃപ്തരാണ്. നവീനതിയിലുള്ള സ്കൂൾ കെട്ടിടത്തിന്റെ വികസനം നടപ്പിലാക്കുവാൻ മാതാപിതാക്കളും സ്കൂളിനൊപ്പം നിൽക്കുന്നു.

## പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം

കുട്ടികൾ പ്ലാസ്റ്റിക്കിന്റെ കുപ്പികളോ, പാത്രങ്ങളോ, ബിസ്ക്കറ്റ് കവറുകളോ ഒന്നും വിദ്യാലയത്തിൽ ഉപയോഗിക്കാറില്ല. ഉച്ച ഭക്ഷണത്തിനാവശ്യമായ പാത്രങ്ങളും ഗ്ലാസുകളും സ്കൂളുകളിൽ തന്നെ അവർക്ക് നൽകുന്നു. സ്കൂൾ അടുക്കളയിൽ വരുന്ന പ്ലാസ്റ്റിക്കുകൾ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഹരിതകർമ്മ സേനയുടെ സഹായത്തോടെ നിർമ്മാർജ്ജനം ചെയ്യുന്നു.

## ജൈവവൈവിധ്യ പാർക്ക്.

സ്കൂളിന്റെ പരിസരത്ത് മാവ്, പുളി, വാഴ, മാതളനാരങ്ങ, പേരയ്ക്ക, പപ്പായ, നെല്ലിമരം, ചെറിമരം തുടങ്ങിയ ചെറുതും വലുതുമായ ധാരാളം മരങ്ങളും ചെടികളും ഉണ്ട്. ഇവ കൂടാതെ കീഴാർനെല്ലി, തുമ്പ, തഴുതാമ, പനിക്കൂർക്ക, കയ്യുണ്ണി, പച്ച, തുളസി, ബ്രഹ്മി, തൊട്ടാവാടി, ചെമ്പരത്തി തുടങ്ങിയ ഔഷധ സസ്യങ്ങളും ഉണ്ട്. കൂടാതെ ഞങ്ങളുടെ അടുക്കള തോട്ടത്തിൽ, മുളക്, വേപ്പില, പയറ്, വെണ്ട, പാവയ്ക്ക, പടവലം തുടങ്ങിയ പച്ചക്കറികളും പരിസ്ഥിതി ക്ലബിന്റെ സഹായത്തോടെ കൃഷി ചെയ്തിട്ടുണ്ട്.

Talent Lab

കുട്ടികളുടെ സർഗാത്മകത വർദ്ധി
പ്പിക്കാനായി രചനാമത്സരങ്ങൾ നടത്തുക.
ഇതുകൂടാതെ കരകൗശല വസ്തുക്കൾ നിർമ്മിക്കാനു
ള്ള പ്രോത്സാഹനവും പരിശീലനവും നൽകുക.
കുട്ടികളുടെ കലാപരമായ കഴിവുകളെ വികസിപ്പി
ക്കുന്നതിനായി പാട്ട്, നൃത്തം, കവിത, കഥാപ്രസം
ഗം, എന്നിവയ്ക്കുള്ള പരിശീലനം നൽകുക.
കലോത്സവങ്ങളിൽ സ്കൂളിന്റെ പങ്കാളിത്തം
ഉറപ്പാക്കുക. എല്ലായിനങ്ങളിലും കുട്ടികളെ
പങ്കെടുപ്പിക്കുക. ശാസ്ത്ര മേളകളിലും,
കലാകായിക മേഖലകളിലും ഞങ്ങളുടെ കുട്ടികൾ
ക്ക് അവരുടെ മികവ് കണ്ടെത്തുന്നതിനുള്ള
അവസരങ്ങൾ ഒരുക്കുക.

Scanned with OKEN Scanner

| No | പൊതു ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല ഏറ്റെടുത്തവർ / ഉറവിടം |
|---|---|---|---|---|
| 1 | പാഠ്യേതര പ്രവർത്തനങ്ങളിലും സ്വഭാവരൂപീകരണത്തിലുമുള്ള പുരോഗതി ഉറപ്പാക്കുക | • കലാകായിക പ്രവർത്തനങ്ങൾക്ക് കൂടുതൽ അവസരവും അതിനാവശ്യമായ പരിശീലനവും നൽകുക. സന്മാർഗിക ബോധന ക്ലാസുകൾ സംഘടിപ്പിക്കുക. | മധ്യകാലം | അധ്യാപകർ രക്ഷകർത്താക്കൾ |
| 2 | ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കും | • ഞങ്ങളുടെ സ്കൂളിലെ പരിസരത്ത് നിരവധി മരങ്ങളും ഔഷധസസ്യങ്ങളും ഉണ്ട്. കൂടാതെ ഞങ്ങളുടെ അടുക്കളത്തോട്ടത്തിൽ മുളക്, വേപ്പില, പയർ, ചീര, പടവലം, പാവയ്ക്ക തുടങ്ങിയ പച്ചക്കറികളും പരിസ്ഥിതി ക്ലബിന്റെ ആഭിമുഖ്യത്തിൽ കൃഷി ചെയ്തിരിക്കുന്നു അതിനെ പരിപാലിച്ചു നിർത്താൻ തീരുമാനിച്ചു. | പ്രാരംഭകാലം | അദ്ധ്യാപകർ പരിസ്ഥിതിക്ലബ് അംഗങ്ങൾ തൊഴിലുറപ്പ് അമ്മമാർ |

| | | | | |
|---|---|---|---|---|
| 3 | പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ | • പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പോരായ്മ കണ്ടെത്തി അധിക സമയം അവർക്കായി ചെലവഴിക്കുന്നു. ഉച്ചയ്ക്കുള്ള ഒഴിവുസമയത്തും വൈകിട്ട് ഓൺലൈൻ ക്ലാസുകൾ നൽകിയും കുട്ടികളെ മുൻപന്തിയിൽ എത്തിക്കുന്നു.<br>• അധിക വായനയ്ക്കുള്ള അവസരം കണ്ടെത്തുകയും ഭാഷാപഠനത്തിന്റെ വികസനത്തിനായി വായനാകാർഡുകൾ തയ്യാറാക്കുകയും വായിക്കുന്നതിന് അവസരങ്ങൾ നൽകുകയും ചെയ്യുന്നു. പത്രങ്ങൾ, കുട്ടിമാസികകൾ എന്നിവ പരിചയപ്പെടുത്തുന്നു. ദിവസവും ഡയറി എഴുതിക്കുകയും മറ്റു കുട്ടികളുമായി പങ്കുവയ്ക്കുന്നതിനും അവസരം ഒരുക്കുന്നു. | പഠനകാലം | അധ്യാപകർ |

| | | | | |
|---|---|---|---|---|
| 4 | IT ക്ലാസ് മുറികൾ ലൈബ്രറി ഇവയുടെ നിർമ്മാണം | • അധ്യാപകരും, മാനേജ്മെന്റും സഹകരിച്ച് കുട്ടികൾക്കാവശ്യമായ ലൈബ്രറിയും സൗകര്യങ്ങളും ഒരുക്കുന്നു. രണ്ട് ലാപ്ടോപ്പുകളും, പ്രോജക്ടും, സ്പീക്കർ സിസ്റ്റവും ഇതിനായി ഉപയോഗിച്ചുവരുന്നു. | ദീർഘകാലം | അധ്യാപകർ മാനേജ്മെന്റ് |
| | പോഷകസമൃദ്ധമായ ഉച്ചഭക്ഷണ വിതരണം | • പോഷകസമൃദ്ധമായ ഉച്ചഭക്ഷണം ഉറപ്പാക്കൽ<br>• ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ<br>• ദിവസവും ഉച്ചഭക്ഷണ മെനു തയ്യാറാക്കി വയ്ക്കൽ | ഹ്രസ്വകാലം | പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള സഹായം. |

| | | | |
|---|---|---|---|
| 6 ഇംഗ്ലീഷ് ഭാഷാ ജ്ഞാനം എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | • പരിശീലനം സിദ്ധിച്ച അധ്യാപകരെ കൊണ്ട് spoken English class സംഘടിപ്പിക്കൽ<br>• ക്ലാസ് മുറിയിൽ ഇതിന് പ്രാധാന്യം നൽകൽ | ഹ്രസ്വകാലം | അധ്യാപകർ |
| 7 അധ്യാപകരുടെ അഭാവം കുട്ടികളുടെ പഠനത്തെയും അക്കാദമിക പ്രവർത്തനങ്ങളെയും ബാധിക്കാത്ത തരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. | • പി.ടി.എ യുടെ സഹായത്തോടെ പുതിയ അധ്യാപകരെ കണ്ടെത്തും | ഹ്രസ്വകാലം | പി.ടി.എ |
| 8 കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും | • വിദ്യാരംഗം കലാവേദി രൂപീകരിക്കുകയും ക്ലബിന്റെ കീഴിൽ. കഥ, കവിത എന്നിവ അവതരിപ്പിക്കാനും സ്വയം രചിക്കാനും കണ്ടെത്തും.<br>• സംഗീതം, നൃത്തം എന്നിവയ്ക്ക് പരിശീലനം നൽകുകയും കലാമത്സരങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യും. | മധ്യകാലം | കലാവേദി അധ്യാപകരും അംഗങ്ങളും |

# ഉപസംഹാരം

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയിൽ അറിവും, വ്യക്തിത്വവും വളർത്തലാണ്. മൂല്യബോധങ്ങളോടെയും തന്റെ ചുറ്റുപാടിനെ തിരിച്ചറിഞ്ഞും നല്ലൊരു വ്യക്തിത്വം വളർത്തിയെടുക്കുന്നതുവഴി അവന്റെ അറിവിന്റെ, വിദ്യാഭ്യാസത്തിന്റെ വികാസ് നമുക്ക് കാണുവാൻ സാധിക്കുന്നു. ഓരോരു കുട്ടിയുടെയും വ്യക്തിത്വം രൂപപ്പെടുന്നത് അവന്റെ ബാല്യകാല വിദ്യാഭ്യാസ കാലഘട്ടത്തിലാണ്. ഞങ്ങളുടെ കൈകളിൽ കിട്ടുന്ന കുരുന്നു ബാല്യങ്ങളെ നല്ല വ്യക്തിത്വബോധമുള്ളവരാക്കാൻ ഞങ്ങൾക്ക് സാധിക്കുന്നു. ഒരു കാലത്ത് വിദ്യാഭ്യാസമെന്നത് വിവരശേഖരണത്തിനും വിനിമയത്തിനും മാത്രമുള്ള ഉപാധിയായിരുന്നു. എന്നാൽ ഇന്ന് കുട്ടി കുട്ടിയുടെ ചുറ്റുപാടിൽ നിന്നുകൊണ്ട് വിദ്യനേടുന്ന ഒരു കാലഘട്ടമാണ്. ഓരോ കുട്ടിയുടെയും ബുദ്ധിക്കും ചിന്തയ്ക്കും അനുസൃതമായ രീതിയിൽ കഥകളിലൂടെയും കവിതകളിലൂടെയും, ചുറ്റുപാടിനെ പരിചയപ്പെടുത്തിയുമൊക്കെ അവരുടെ പഠനത്തിൽ നമുക്ക് ഒന്നു ചേരാം.

പാഠപുസ്തകം എന്നതിലുപരി ഇന്ന് എല്ലാ സാധ്യതകളും അവന്റെ വിരൽതുമ്പിൽ എത്തും വിധമാണ് ആ ഒരു വിദ്യാഭ്യാസ കാലഘട്ടത്തിലൂടെ നമ്മുടെ അധ്യാപകർക്കും സഞ്ചരിക്കാം

സ്കൂളിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ്. മാസ്റ്റർ പ്ലാൻ. ഈ പ്രവർത്തനങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ നടപ്പാക്കുവാൻ എല്ലാവരുടെയും സഹായവും സാന്നിധ്യവും പ്രതീക്ഷിക്കുന്നു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ സഹകരിച്ച എല്ലാവരോടും നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു.